**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **17-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുനിരത്തുകളിലെ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പൊതുനിരത്തുകളിലും നിയോജകമണ്ഡലങ്ങളിലുമായി വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൂടുതൽ സ്ഥലങ്ങളിലേക്ക് ചാർജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുതവാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിങ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യനിക്ഷേപം ഈ മേഖലയിലേക്ക് വരുകയും ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്, അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥല ലഭ്യത, ബഡ്ജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും, പ്രസ്തുത എംഎൽഎ-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കും എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>ദേശീയപാതകൾ, നഗര പാർക്കിംഗ്, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ ഏത് സ്ഥലവും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിഗണിക്കുന്നതാണ്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്ക് കെ.എസ്.ഇ.ബി.എൽ. സ്റ്റേഷനുകളിൽ, 25-04-2025 തിയതിയിലെ B.O. (FTD) No.201/2025 (CE(REES)/Innov/EV Tariff/2024-25) എന്ന ഉത്തരവ് പ്രകാരം, സോളാർ അവേഴ്സും നോൺ സോളാർ അവേഴ്സുമായി പുതുക്കി നിശ്ചയിചിരിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | അനെർട്ട് മുഖേന പൊതുനിരത്തുകളിൽ സ്ഥാപിച്ച ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളെയും EZ4EV മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സേവനങ്ങളെയും കുറിച്ച് വിശദീകരിക്കുമോ; പി. എം. ഇ-ഡ്രൈവ്-ലെ അപ് സ്ട്രീം ഇൻഫ്രാസ്ട്രക്ചർ സബ്സിഡി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിൽ നാമകരണം ചെയ്യുന്ന നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അപേക്ഷാ പ്രക്രിയയും സമയക്രമവും എന്താണെന്ന് വിശദമാക്കുമോ; | (ബി) | അനെർട്ട് മുഖേന പൊതു നിരത്തിൽ സ്ഥാപിച്ച ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും EZ4EV മൊബൈൽ അപ്ലിക്കേഷൻ വഴി ഉള്ള സേവനങ്ങളുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>അനെർട്ടും EESL ലും സംയുക്തമായി 16 ഡിസി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും, അനെർട്ട് കൊച്ചി മെട്രോ മറ്റു സർക്കാർ വകുപ്പുകളുമായി ചേർന്ന് സൗരോർജ്ജ സംവിധാനത്തോടുകൂടിയ 7 പബ്ലിക് ഇ കാർ ചാർജിംഗ് സ്റ്റേഷനുകളും, അനെർട്ടും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും (SCTL) ചേർന്ന് 5 പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും പൊതു നിരത്തിൽ സ്ഥാപിച്ച 23 എണ്ണം ഡിസി ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് അനെർട്ട് വഴി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br><br>അനെർട്ട് വികസിപ്പിച്ചെടുത്ത EZ4EV മൊബൈൽ അപ്ലിക്കേഷൻ എന്ന സംവിധാനമാണ് നിലവിൽ ഭൂരിഭാഗ മെഷീനുകളിലും ഉപയോഗിച്ച് വരുന്നത്. ഉപഭോക്താക്കൾക്കു ആയാസ രഹിതമായി വളരെ പെട്ടെന്നു ചാർജ്ജ് ചെയ്യുന്ന തരത്തിലാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. ഈ മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനു വേണ്ടി പ്രത്യേക സർവീസ് ചാർജ്ജോ പേയ്മെന്റ് ഗേറ്റ്‌വേ ചാർജ്ജോ ഈടാക്കുന്നതല്ല. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ പി. എം. ഇ-ഡ്രൈവ്-ലെ പദ്ധതി പ്രകാരം പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള അപ് സ്ട്രീം ഇൻഫ്രാസ്ട്രക്ചർ സബ്സിഡി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിൽ നോഡൽ ഏജൻസിയെ നിയമിക്കേണ്ടതായിട്ടുണ്ട്. ഇതിനായുള്ള അനെർട്ടിന്റെ ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. ഈ പദ്ധതിക്കായുള്ള മാർഗരേഖയുടെ കരട് മാത്രമാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടപ്പാക്കിയ പൊതു സ്വകാര്യ പങ്കാളിത്ത മാതൃക പോലെ ദേശീയപാതകൾ, നഗര പാർക്കിംഗ്, ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയവയിൽ ഏത് ലൊക്കേഷനുകൾക്ക് മുൻഗണന നൽകുമെന്ന് വിശദമാക്കുമോ; ഓരോ ജില്ലയിലും 50–60 kW- ന് മുകളിലുള്ള DC ഫാസ്റ്റ് ചാർജർ സ്റ്റേഷനുകൾ എത്രയെണ്ണമാണ് സ്ഥാപിക്കുന്നത്; ഈ സ്റ്റേഷനുകളിൽ ചാർജിംഗ് നടത്തുന്നതിനായി വിവിധ സമയങ്ങളിൽ വ്യത്യസ്ത നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ; | (സി) | കേരളത്തിൽ കെഎസ്ഇബിഎൽ, എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനു കളും സ്ഥാപിച്ചിട്ടുണ്ട്.<br><br>ദേശീയപാതകൾ, നഗര പാർക്കിംഗ്, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ ഏത് സ്ഥലവും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിഗണിക്കുന്നതാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്ക് കെഎസ്ഇബിഎൽ സ്റ്റേഷനുകളിൽ, 25-04-2025 തിയതിയിലെ B.O. (FTD) No.201/2025 (CE(REES)/Innov/EV Tariff/2024-25) എന്ന ഉത്തരവ് പ്രകാരം, സോളാർ അവേഴ്സും നോൺ സോളാർ അവേഴ്സുമായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ ബി എൽ നടപ്പിലാക്കിയ പൊതു സ്വകാര്യ പങ്കാളിത്ത മാതൃക പോലെ ദേശീയപാതകൾ, മറ്റു സംസ്ഥാന പാതകൾ, പ്രധാനപ്പെട്ട നഗര പാർക്കിംഗ്, സെന്ററുകൾ കെ.എസ്.ആർടി.സി ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയവയിൽ ദേശീയ പാതകൾക്കും മറ്റ് സംസ്ഥാന പാതകൾക്കും ആണ് മുൻഗണന നൽകുന്നത്. ഇതിനുള്ള പ്രധാന കാരണം നിലവിൽ ഒറ്റ ചാർജ്ജിൽ 150 മുതൽ 350 km വരെ ലഭിക്കുന്നതിനാൽ ഇലക്ട്രിക്ക് കാറുകൾക്ക് ദീർഘദൂര യാത്രകളിലാണ് ഡി സി ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾ ആവശ്യമായി വരുന്നത്. ആയതിനാൽ ഡിസി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു മുന്തിയ പരിഗണന നൽകുന്നത് ദേശീയ പാതയോടും സംസ്ഥാന പാതയോടും ചേർന്നുള്ള cafeteria, washroom, waiting room സൗകര്യത്തോടുകൂടിയ |

| | | | |
|---|---|---|---|
| | | | റെസ്റ്റോറന്റുകൾ, മാളുകൾ, ഹോട്ടലുകൾ എന്നിവയെയാണ്.<br><br>50-60 kW ന് മുകളിലുള്ള ഡിസി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പ്രധാനമായും ഇലക്ട്രിക്ക് കാറുകളുടെ എണ്ണത്തിനനുസരിച്ച് ഓരോ ജില്ലയിലും വ്യത്യസ്തപ്പെട്ടിരിക്കും. നിലവിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ദേശീയ പാതയിലും മറ്റു സംസ്ഥാന പാതകളിലും ഓരോ 25 km ലും റോഡിന്റെ ഇരുവശങ്ങളിലായി ഒരു ഡിസി ഫാസ്റ്റ് ചാർജ്ജർ എന്ന രീതിയിൽ സ്ഥാപിക്കണമെന്നതാണ്. കൂടാതെ long range/heavy duty വാഹനങ്ങളായ electric bus, electric truck എന്നിവയ്ക്കായി ഓരോ 100 km ലും ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കണമെന്നാണ് നിർദ്ദേശമുള്ളത്. ആയതിനാൽ മേൽ പറഞ്ഞ രീതിയിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് നടന്നു വരുന്നത്. കേരളത്തിൽ അനെർട്ട്, KSEB, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ സ്ഥാപിച്ച പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ വിവിധ സമയങ്ങളിൽ വ്യത്യസ്ത നിരക്കാണ് ഈടാക്കുന്നത്. എന്നാൽ KSEBയെയും മറ്റു സ്വകാര്യ സ്ഥാപനങ്ങളെയും അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ തുക ഈടാക്കുന്നത് അനെർട്ട് നേരിട്ട് സ്ഥാപിച്ച പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളാണ്. അടുത്ത കാലത്തുള്ള KSERC യുടെ ഉത്തരവ് പ്രകാരം അനെർട്ട് സ്ഥാപിച്ച പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ solar hoursൽ (9am to 4pm) ഈടാക്കുന്നത് Rs.13/kWh എന്ന രീതിയിലും, Non solar hoursൽ (4pm to 9am) ഈടാക്കുന്നത് Rs.18/kWh എന്ന രീതിയിലുള്ള കുറഞ്ഞ നിരക്കാണ്.<br><br>അനെർട്ട് വിവിധ സമയങ്ങളിൽ ഡിസി ഫാസ്റ്റ് ചാർജ്ജറുകൾക്കും എസി ഫാസ്റ്റ് ചാർജ്ജറുകൾക്കും നിലവിൽ ഈടാക്കുന്ന വിവിധ നിരക്കുകൾ അനുബന്ധം (2) ആയി ചേർക്കുന്നു. |
| (ഡി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സ്വകാര്യ ഇലക്ട്രിക് വാഹന ചാർജിംഗ് ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടോ; ടി ഹബ്ബുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കുമോ? | (ഡി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ 14 സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട് ഇതിന്റെ പട്ടിക അനുബന്ധം (3) ആയി ചേർക്കുന്നു കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ നിർദേശങ്ങൾക്ക് അനുസൃതമായാണ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത് ഇത് നിലവിൽ ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷാ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചാർജിങ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്<br><br>കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സ്വകാര്യ ഇലക്ട്രിക് വാഹന ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനായി അനെർട്ട് സാമ്പത്തിക സഹായം നൽകിയിട്ടില്ല.<br><br>പബ്ലിക് ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനു നിലവിൽ പ്രത്യേക ലൈസെൻസ് എടുക്കേണ്ടതില്ല. എന്നാൽ പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന ഡി സി ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് NABL accredited ലാബിൽ നിന്നുള്ള ടൈപ്പ് ടെസ്റ്റ് certificate ആവശ്യമാണ്. കൂടാതെ KSEBL നിന്നും സർവീസ് കണക്ഷൻ ലഭിക്കുന്നതിനായി Electrical Inspectorate നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

ഭരണമ്പൂരണം - 1

**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004
CIN: U40100KL2011SGC027424 Web: www.kseb.in
Phone :0471-2447404
Email : cerees@kseb.in

## ABSTRACT

Revision of EV Charging Fee in KSEBL stations as per KSERC Tariff revision - Sanctioned - Orders issued.

## CORPORATE OFFICE (REES & SOURA)

B.O.(FTD) No.201/2025 (CE(REES)/Innov/EV Tariff/2024-25) Dated:25-04-2025
Thiruvananthapuram.

Read :
1. KSERC Tariff Order dated 05.12.2024.
2. MoP Guidelines for Installation and Operation of EV charging Infrastructure-2024 dated 17.09.2024.
3. Remarks of the Financial Adviser No.E62732/KSEBL/FIN/FA/TAX/93/2024 AFO1/I/98473/2024 dated 13.12.2024.
4. Note No.CE(REES)/Innov/EV Tariff/2024-25/I/107544/2025 dated 18.01.2024 submitted to the Chairman and Managing Director, KSEBL.
5. Note No.CE(REES)/Innov/EV Tariff/2024-25/I/114814/2025 dated 12.02.2025.(Agenda No.02/50/04/25).
6. Minutes of the meeting of Full Time Directors held on 11.04.2025 as per Resolution No.FTD/02/04/25/50.

## ORDER

Kerala State Electricity Regulatory Commission has revised the rate for the tariff of Public EV Charging Stations as per the order read as 1st above.

At present KSEBL EV Charging Stations' Charging Fee is as detailed below

| Sl No | Type of Charger | Charging Fee (Rs) |
|---|---|---|
| 1 | AC (Slow) | 9 + GST (18%) |
| 2 | DC (Fast) & AC (Fast) | 13 + GST (18%) |

KSERC has adopted the tariff structure for EV charging stations in alignment with the guidelines and standards specified by the Ministry of Power (MoP), Government of India. In accordance with the MoP guidelines, KSERC has adopted a single part ruling tariff of 7.15 per unit for the year 2024-25 and 2025-26, with solar hour tariffs (9:00 AM to 4:00 PM) set at 70% and non-solar hour tariffs at 130% the ruling tariff. The fixed charges for EV charging remain nil. In other words, the approved tariff for EV charging includes differentiated rates for solar & non-solar hours to encourage the use of renewable energy. This adoption reflects the state's commitment to energy transition as well as E- mobility.

The ceiling rates for service charges as stipulated in MoP guidelines read as 2nd above is given below,

| Sl No. | Charging Type | During Solar Hours (9AM - 4PM) | During Non-Solar Hours (4PM - 9AM) |
|---|---|---|---|
| 1 | AC (Slow) | ₹3.00 per unit | ₹4.00 per unit |
| 2 | DC (Fast) | ₹11.00 per unit | ₹13.00 per unit |

In view of the revised energy tariffs defined under the MoP guidelines and adopted by KSERC, a corresponding revision in the EV charging tariff at KSEBL stations is proposed and further remarks from the Financial Adviser read as 3rd above was obtained that the service charges align strictly with the said guidelines and the proposed revision is consistent with the KSERC tariff order and MoP guidelines. It is further clarified that EV battery charging is categorized as a 'supply of service' under SAC 998714 and is subject to 18% GST.

Hence the revised Charging Fee proposed was submitted to the Full Time Directors as per note read as 5th above for approval.

Having considered the matter in detail, the Full Time Directors in this meeting held on 11.4.2025 passed the following resolution.

Resolved to revise and adopt the tariff of KSEBL EV Charging Stations as per the new tariff order issued by KSERC and MoP Guidelines, as detailed below for AC&DC.

| Sl No | Type | Present Fee (Rs.) | Hours | New Energy Tariff (Rs.) | Energy Tariff including Duty (10%) (Rs.) | Max service charge as per MoP Guidelines (Rs.) | Proposed Charging Fee (Rs) |
|---|---|---|---|---|---|---|---|
| 1 | AC (Slow) | 9 | Solar | 5 | 5.5 | 3 | 8.5 |
| | | | Non-Solar | 9.30 | 10.23 | 4 | 14.23 |
| 2 | DC (Fast) | 13 | Solar | 5 | 5.5 | 11 | 16.5 |
| | | | Non-Solar | 9.30 | 10.23 | 13 | 23.23 |

Orders are issued accordingly.

By Order of the Full Time Directors

Signed by
Lekha Geetha
COMPANY SECRETARY
Date: 25-04-2025 16:37:59

To:
The Chief Engineer (REES & PED)

## അനെർട്ട് വിവിധ സമയങ്ങളിൽ ഡിസി ഫാസ്റ്റ് ചാർജ്ജറുകൾക്കും എസി ഫാസ്റ്റ് ചാർജ്ജറുകൾക്കും നിലവിൽ ഈടാക്കുന്ന വിവിധ നിരക്കുകൾ

| Sl. No. | Type | Present Fee (Rs.) | Hours | New energy tariff (Rs.) | Energy tariff incl. 10% duty (Rs.) | Service charge for ANERT (Rs.) | Proposed charging fee (Rs.) |
|---|---|---|---|---|---|---|---|
| 1. | AC (slow) | 13 | Solar | 5 | 5.5 | 2.5 | 8 |
| | | | Non-Solar | 9.30 | 10.23 | 2.77 | 13 |
| 2. | DC (fast) | 13 | Solar | 5 | 5.5 | 7.5 | 13 |
| | | | Non-Solar | 9.30 | 10.23 | 7.77 | 18 |

അനുബന്ധം-3

| Private Charging Station at Kaduthuruthy Constituency | | | | |
|---|---|---|---|---|
| ***sl*** | ***consumer num*** | ***tariff*** | ***section name*** | ***customer name*** |
| 1 | 1146515033189 | LT-EV Public Charging Stations | Kaduthuruthy [4651] | RADHAKRISHNAN K K |
| 2 | 1146516032960 | LT-EV Public Charging Stations | Kaduthuruthy [4651] | KUNJACHAN K K |
| 3 | 1146867014445 | LT-EV Public Charging Stations | Peruva [4686] | MANOJ M M |
| 4 | 1146862014761 | LT-EV Public Charging Stations | Peruva [4686] | SMITHA JAYADEVAN |
| 5 | *1146492020968* | *LT-EV Public Charging Stations* | *Kuravilangad [4649]* | JAFAR A P MANAGING DIRECTIOR |
| 6 | 1146505034073 | LT-EV Public Charging Stations | Thalayolaparambu [4650] | SALES MANAGER |
| 7 | 1146500034042 | LT-EV Public Charging Stations | Thalayolaparambu [4650] | JOY KURIAN |
| 8 | 1146501034094 | LT-EV Public Charging Stations | Thalayolaparambu [4650] | RASHEED M H |
| 9 | 1156255017280 | LT-EV Public Charging Stations | Kidangoor [5625] | JIMMY TOM |
| 10 | 1156251017063 | LT-EV Public Charging Stations | Kidangoor [5625] | REENI SUNNY |
| 11 | 1156259017496 | LT-EV Public Charging Stations | Kidangoor [5625] | JAFFAR A P |
| 12 | 1156289018005 | LT-EV Public Charging Stations | Marangattupally [5628] | JOSE T L |
| 13 | 1156283018998 | LT-EV Public Charging Stations | Marangattupally [5628] | CHELLAPPAN |
| 14 | 1156284019342 | LT-EV Public Charging Stations | Marangattupally [5628] | SALES MANAGER |